**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 681** **30-01-2024 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ കോ- ഓപ്പറേറ്റീവ് സ്പിന്നിംങ് മിൽ ലിമിറ്റഡിന്റെ സാമ്പത്തിക ബാധ്യത പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വടക്കാഞ്ചേരി മണ്ഡലത്തിലെ തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിങ് മിൽ ലിമിറ്റഡിന്റെ നിലവിലെ സാമ്പത്തിക ബാധ്യതകൾ പരിഹരിച്ച് പൂർണ്ണ തോതിൽ പ്രവർത്തനസജ്ജമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (എ) | ലേ-ഓഫിലായിരിക്കുന്ന തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തി മിൽ പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അതിന്റെ ഭാഗമായി, പ്രസ്തുത മില്ലിന്റെ ആധുനികവൽക്കരണ പദ്ധതിയ്ക്കായി 2022-23 സാമ്പത്തിക വർഷം ഭരണാ നുമതി നൽകിയ 160 ലക്ഷം രൂപ അനുവദിച്ച് നൽകാത്തതിനാൽ 2023-24 സാമ്പത്തിക വർഷം പ്രസ്തുത തുകയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകുകയും അതിൽ നിന്ന് 35 ലക്ഷം രൂപ അനുവദിച്ച് നൽകുകയും ചെയ്തു. കൂടാതെ, ടെക്സ്ഫെഡിന് കീഴിലുള്ള 8 സഹകരണ സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണ ത്തിനായുള്ള സമഗ്ര പദ്ധതിയിന്മേൽ പ്രസ്തുത മില്ലുകളുടെ ഉൽപന്ന വികസനത്തിന്റെ ഭാഗമായി കോട്ടൺ വാങ്ങുന്നതിനായി അനുവദിച്ച് നൽകിയ 350 ലക്ഷം രൂപയിൽ നിന്ന് തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിനായി 52.685 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ